10. ശ്രീ. എൻ. ജി. സജീവൻ, നെല്ലേപ്പിള്ളി ഹൗസ്, കളർകാട്, മെമ്പർ.

11. ശ്രീമതി റോസമ്മ ചാക്കോ, കുളങ്ങര മാമ്മൂട്ടിൽ, ഇടത്വാ പി. ഒ., മെമ്പർ.

12. ശ്രീ. സി. മോഹനൻ പിള്ള, കൃഷ്ണകൃപ, പൊടിയാട്ടുവിള, വാളകം, മെമ്പർ.

13. ശ്രീ. ജോർജ് കുന്നപ്പുഴ, പുല്ലാട് പി. ഒ., മെമ്പർ.

(ബി) ജലം പമ്പിംഗിന് വിധേയമാക്കുന്ന കിണറുകൾ 13-5-2004 തീയതിക്കുള്ളിലാണ് രജിസ്റ്റർ ചെയ്യേണ്ടിയിരുന്നത്.

(സി) പ്രസ്തുത തീയതിയിൽ സംസ്ഥാനത്തൊട്ടാകെ 2882 കിണറുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. വാണിജ്യ വ്യവസായങ്ങളുടെ ആവശ്യത്തിനുപയോഗിക്കുന്ന കിണറുകളുടെ വിശദവിവരം ജില്ലകളിൽനിന്നും ശേഖരിച്ചുവരുന്നു.

(ഡി) വ്യക്തമായ വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

ഭൂഗർഭ ജല സംരക്ഷണ പദ്ധതി

64 [227] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജല സംരക്ഷണത്തിനും സംഭരണത്തിനും പുതുതായി എന്തെങ്കിലും പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി എന്നുമുതലാണ് നടപ്പാക്കുന്നതെന്നും എന്തു തുക ചെലവ് വരുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭൂഗർഭ ജല സംരക്ഷണത്തിനും സംഭരണത്തിനും പുതുതായി രണ്ട് പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. അവ (1) ഭൂഗർഭ ജല പരിരക്ഷയും ആർട്ടിഫിഷ്യൽ റീ ചാർജിംഗും (2) മഴവെള്ള സംഭരണ പദ്ധതി

(ബി) പദ്ധതികൾ 2004-2005 സാമ്പത്തിക വർഷത്തിലേക്കാണ് അനുവദിച്ചിട്ടുള്ളത്. രണ്ട് പദ്ധതികൾക്കുമായി 43 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കിണർ കുഴിക്കുന്നതിനുള്ള സർക്കാർ നിയന്ത്രണം

65 [228] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി കിണർ കുഴിക്കുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വ്യാപകമായി കുഴൽ കിണർ കുഴിക്കുന്നതുമൂലം ഭൂഗർഭജലം ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly